3113
9/2/18

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- പൊന്മുടി സെക്ഷനിൽ പതിനെട്ടാംപടി ബീറ്റിൽ പ്പെട്ട കള്ളിമാലി ഭാഗത്തെ മരംമുറി-അച്ചടക്ക നടപടി-ശ്രീ.എൻ.എം.ഷംസുദ്ദീൻ, ഫോറസ്റ്റർ (റിട്ട) സമർപ്പിച്ച പുനഃപരിശോധനാ ഹർജി-തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 60/2018/വനം തീയതി, തിരുവനന്തപുരം, 03.02.2018.

പരാമർശം:-

1) 21.06.1999 ലെ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ എം.1-3215/99 നമ്പർ ഉത്തരവ്.
2) 07.04.2011 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി8-29551/02 നമ്പർ ഉത്തരവ്.
3) 09.01.2014 ലെ സ.ഉ.(സാധാ) നം.19/2014/വനം ഉത്തരവ്.
4) 23.05.2017 തീയതിയായി ശ്രീ.എൻ.എം.ഷംസുദ്ദീൻ സമർപ്പിച്ച റിവ്യൂ ഹർജി.

**ഉത്തരവ്**

മൂന്നാർ ഡിവിഷനിൽ ദേവികുളം റെയിഞ്ചിലെ പൊൻമുടി സെക്ഷനിൽപ്പെട്ട പതിനെട്ടാംപടി ബീറ്റിൽ കാർഡമം ഹിൽ റിസർവ്വിൽ ഉൾപ്പെട്ട 20 ഏക്കർ വിസ്തീർണ്ണമുള്ള കള്ളിമാലി എസ്റ്റേറ്റിൽ നിന്നും വിവിധ ഇനങ്ങളിൽപ്പെട്ട 45 മരങ്ങൾ വെട്ടി വീഴ്ത്തിയും വിവിധ തരത്തിൽപ്പെട്ട 56 മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് നീക്കിയും വന നശീകരണം നടന്നതുമായി ബന്ധപ്പെട്ട് 18.06.1999 ന് ഇടുക്കി ഫ്ലൈയിംഗ് സ്ക്വാഡ് തയ്യാറാക്കിയ മഹസ്സറിൽ 21 ലക്ഷം രൂപയുടെ സർക്കാർ നഷ്ടം കണക്കാക്കിയിരുന്നു. തുടർന്ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അന്വേഷണത്തിൽ ഈ കുറ്റകൃത്യം മൂലം സർക്കാരിന് 5 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്നു കണ്ടെത്തി. മഹസ്സറിൽ കുറ്റകൃത്യം മുഴുവൻ രേഖപ്പെടുത്താതെ തോട്ടം ഉടമയെ സഹായിക്കാൻ കരുതിക്കൂട്ടി സെക്ഷൻ സ്റ്റാഫ് വ്യാജ മഹസ്സർ തയ്യാറാക്കിയിരുന്നുവെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ സെക്ഷൻ ചുമതല വഹിച്ചിരുന്ന ശ്രീ.ആർ.മുരളീധരൻ നായർ, ഫോറസ്റ്റർ പതിനെട്ടാംപടി ബീറ്റിന്റെ ചാർജ്ജ് ഉണ്ടായിരുന്ന ശ്രീ.എൻ.എം.ഷംസുദ്ദീൻ, ശ്രീ.എം.എം.മുഹമ്മദ് ഹനീഫ, ശ്രീ.പി.എൻ.ദിവാകരൻ

നായർ (ഫോറസ്റ്റ് ഗാർഡുമാർ) എന്നിവരെ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരവും റെയിഞ്ചാഫീസർമാരായ ശ്രീ.മാത്യു.കെ.ജെയിംസ്, ശ്രീ.റ്റി.മോഹൻദാസ് എന്നിവരെ സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് പ്രകാരവും സസ്പെൻഡ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചു.

2) ശ്രീ.എൻ.എം.ഷംസുദ്ദീനെതിരെയുള്ള ചാർജ്ജുകൾ താഴെ പ്പറയുന്നവയാണ്.

(i) ദേവികുളം റെയിഞ്ചിൽ പൊൻമുടി സെക്ഷന്റെ പരിധിയിൽ വരുന്ന കാർഡമം ഹിൽ റിസർവ്വ് ഏരിയായിൽപ്പെട്ട കള്ളിമാലി ഏലത്തോട്ടത്തിൽ നിന്നും അനധികൃതമായി 45 മരങ്ങൾ ചുവട് മുറിച്ചും വിവിധ ഇനത്തിൽപ്പെട്ട മറ്റ് 56 മരങ്ങളുടെ ശിഖരങ്ങൾ അനധികൃതമായി വെട്ടിവീഴ്ത്തുകയും ചെയ്ത് ഏലത്തോട്ടം ഉടമയുടെ നിയമ വിരുദ്ധ നടപടികൾക്ക് കൂട്ടു നിന്നു.

(ii) കാർഡമം ഹിൽ റിസർവ്വിൽപ്പെട്ട കള്ളിമാലി എസ്റ്റേറ്റിൽ നടന്ന കുറ്റകൃത്യം യഥാസമയം കണ്ടുപിടിക്കുന്നതിന് പരാജയമടഞ്ഞു. ജോലിയിൽ ഗുരുതരമായ വീഴ്ച വരുത്തി. തന്മൂലം സർക്കാരിലേയ്ക്ക് നഷ്ടം ഉണ്ടായതായി കാണുന്നു.

(iii) കള്ളിമാലി എസ്റ്റേറ്റിൽ നിന്നും മുറിച്ച മരങ്ങളുടെയും ശിഖരങ്ങൾ വെട്ടിയ മരങ്ങളുടെയും എണ്ണവും തന്മൂലം സർക്കാരിലേയ്ക്ക് ഉണ്ടായ നഷ്ടവും കുറച്ച് കാണിച്ച് വ്യാജ മഹസ്സർ തയ്യാറാക്കി മേലധികാരികളേയും സർക്കാരിനേയും വഞ്ചിക്കാൻ ശ്രമിച്ചു.

3) ഈ വിഷയത്തിൽ ഔപചാരികാന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻ.എം.ഷംസുദ്ദീന്റെ പക്കൽ നിന്നും 1,12,343/- രൂപ ഈടാക്കുവാൻ തീരുമാനിച്ച് ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം ഉത്തരവായി. ഇതിനെതിരെ ടിയാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപ്പീൽ സമർപ്പിച്ചു.

4) അപ്പീൽ പരിശോധിച്ച പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കാർഡമം ഹിൽ റിസർവ്വിലെ മരങ്ങളുടെ സംരക്ഷണ ചുമതല വനം വകുപ്പിനായതിനാൽ അനധികൃത മരംമുറിയുടെ ഉത്തരവാദിത്വം സെക്ഷൻ സ്റ്റാഫിൽ നിക്ഷിപ്തമാണെന്നും, മരം മുറിച്ചതിനും ശിഖരങ്ങൾ വെട്ടി മാറ്റിയതിനും സെക്ഷൻ സ്റ്റാഫ് തയ്യാറാക്കിയ മഹസ്സറുകൾ യഥാർത്ഥ വസ്തുത മറച്ചുവെച്ചു കൊണ്ടായിരുന്നു എന്നും കണ്ടെത്തി പരാമർശം (2) പ്രകാരം അപ്പീൽ നിരസിച്ചു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.എൻ.എം.ഷംസുദ്ദീൻ സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിക്കുകയും ടിയാനെ കുറ്റവിമുക്തനാക്കാനുള്ള പുതിയ വാദങ്ങൾ ഒന്നും തന്നെ ഇല്ല എന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം റിവ്യൂ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

5) സർക്കാരിന്റെ മേൽ ഉത്തരവിനെതിരെ ശ്രീ.എൻ.എം.ഷംസുദ്ദീൻ വീണ്ടും പരാമർശം (4) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചു.1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 5 പ്രകാരമുള്ള പുനരവലോകനത്തിനു ടിയാന് അവസരം നൽകിയ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം സമർപ്പിച്ച പുനരവലോകന ഹർജി വീണ്ടും പരിഗണിക്കേണ്ട ആവശ്യമില്ലാത്തതിനാൽ പ്രസ്തുത പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.എൻ.എം.ഷംസുദ്ദീൻ, ഫോറസ്റ്റർ (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ